പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം : 6676 | 04.04.2018 ലെ മറുപടിക്ക്

## ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് ഇനത്തിൽ ബജറ്റിൽ നീക്കിവച്ചിരുന്ന തുക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.ടി. തോമസ് : | പ്രൊഫ. സി. രവീന്ദ്രനാഥ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രന്ഥശാലാ സംഘത്തിന് ഗ്രാന്റ് ഇനത്തിൽ എത്ര രൂപയാണ് സർക്കാർ നൽകിയത് ; സംസ്ഥാന ബജറ്റിൽ എത്ര രൂപയാണ് ഗ്രന്ഥശാല സംഘത്തിനായി നീക്കിവച്ചിരുന്നത് ; | (എ) 2017-18 സാമ്പത്തിക വർഷത്തിൽ ഓർഗനൈസേഷൻ ഗ്രാന്റ് ഇനത്തിൽ 19,53,44,000/- രൂപയും എസ്റ്റാബ്ലിഷ് മെന്റ് ഗ്രാന്റ് ഇനത്തിൽ 5,46,74,000/- രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്. ടി വർഷം സർക്കാർ ബജറ്റിൽ ഗ്രാന്റ് ഇനത്തിൽ 25,00,18,000/- രൂപയും പദ്ധതിയിനത്തിൽ 92 ലക്ഷം രൂപയും നീക്കിവച്ചിരുന്നു. |
| (ബി) 2017-18-ൽ ഗ്രന്ഥശാലാ സംഘത്തിന്റെ ബജറ്റ് തുക എത്രയായിരുന്നു ; ഇതിൽ വരവ് എത്രയെന്നും ചെലവ് എത്ര എന്നും വിശദമാക്കാമോ ; | (ബി) 2017-18 വർഷത്തെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ബജറ്റ് തുക 70,85,00,000/- രൂപയാണ്. 70,85,00,000/- രൂപ വരവും 70,85,00,000/- രൂപ ചെലവുമുള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്. |
| (സി) ഗ്രന്ഥശാലാ സംഘത്തിന്റെ ഏത് വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ; 2015-16, 2016-17 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ ; | (സി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ 2016-17 വരെയുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെങ്കിലും റിപ്പോർട്ട് ഇതുവരെയും ലഭ്യമായിട്ടില്ല. 2015-16 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ അംഗ ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് ഇനത്തിൽ ബഡ്ജറ്റിൽ നീക്കി | (ഡി) 2016-17 സാമ്പത്തിക വർഷത്തിൽ അംഗ ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് ഇനത്തിൽ ഗവൺമെന്റ് ബജറ്റിൽ നീക്കിവച്ചിരുന്ന തുക 17,28,04,500/- രൂപയാണ്. എന്നാൽ 2015-16 |

--2)

| | | |
|---|---|---|
| | വച്ചിരുന്ന തുക എത്ര ; ചെലവഴിച്ച തുക എത്ര ; വിശദമാക്കാമോ ; | വർഷത്തെ ഗ്രാന്റിനത്തിൽ e-lams-ലേയ്ക്ക് നീക്കിവച്ചിരുന്ന തുകയും ചേർത്ത് 24,55,19,438/- രൂപ 2016-17 വർഷം ചെലവഴിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ അംഗ ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് ഇനത്തിൽ ബജറ്റിൽ 25,00,18,000/- രൂപ നീക്കിവച്ചിരുന്നു. ടി 25,00,18,000/- രൂപയും അനുവദിച്ച് നൽകിയിട്ടുമുണ്ട്. ഇതിൽ ഇതുവരെ 6,25,04,500/- രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് കൗൺസിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ഇ) | 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഗ്രന്ഥശാലാ സംഘത്തിന്റെ ബജറ്റ് എസ്റ്റിമേറ്റ് എത്രയായിരുന്നു എന്നറിയിക്കാമോ ; ഇതിൽ ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ച തുക എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ ? | (ഇ) 2016-17 വർഷത്തെ കൗൺസിൽ ബജറ്റ് എസ്റ്റിമേറ്റ് 76,25,00,000/- രൂപയും 2017-18 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് 70,85,00,000/- രൂപയുമാണ്. 2016-17 വർഷം 52,88,92,666/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 വർഷത്തെ ചെലവുകൾ പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

പി.ഡി.എസ്.എ.റ്റി.വി.എം.മിസ് II/772/2017 തിയതി : 12.04.2017

# കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ 2015-16 വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാ റിപ്പോർട്ട്

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീ.വി.എം.മോഹനൻ പിള്ള, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിധേയമാക്കിയ കണക്കുകളുടെ വിവരം | : | 2015-16 വർഷത്തെ വരവ് ചെലവ് കണക്കുകൾ |
| ഓഡിറ്റ് നടത്തിയ തീയതി | : | 13.02.2017 മുതൽ 20.02.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | : | ശ്രീമതി. ലതാകുമാരി.എം. (ഓഡിറ്റ് ഓഫീസർ)<br>ശ്രീ. സുരേഷ്ബാബു (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ. പ്രകാശ് കൃഷ്ണൻ (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ. വിനുകമാർ പി.കെ (ഓഡിറ്റർ)<br>ശ്രീ. സഫീർ അഹമ്മദ് അബ്ദുൽ റൗഫ് (ഓഡിറ്റർ) |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ.പി. കെ. ഹരികുമാർ<br>01.04.2015 മുതൽ 08.04.2015 വരെ<br>ശ്രീ. കെ.വി. കുഞ്ഞികൃഷ്ണൻ<br>09.04.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | : | ശ്രീ. എ. കെ. ചന്ദ്രൻ<br>01.04.2015 മുതൽ 08.04.2015 വരെ<br>ശ്രീ. പി.അപ്പുക്കുട്ടൻ<br>09.04.2015 മുതൽ 31.03.2016 വരെ |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | : | ശ്രീ.ജോജ്ജ. ടി. ജോൺ<br>01.04.2015 മുതൽ 31.03.2016 വരെ |
| അക്കൗണ്ട്സ് ഓഫീസർ | : | ശ്രീ.ഇ.ശ്രീധരൻ<br>01.04.2015 മുതൽ 21.04.2015 വരെ<br>ശ്രീ.ജോജ്ജ. ടി. ജോൺ<br>22.04.2015 മുതൽ 29.04.2015 വരെ<br>(അധിക ചുമതല)<br>ശ്രീ.ഹെറോൾഡ് സേവ്യർ<br>30.04.2015 മുതൽ 01.09.2015 വരെ |

സീനിയർ ഫിനാൻസ് ഓഫീസർ : ശ്രീ.ആന്റണി ലിയോ
01.10.2015 മുതൽ 31.03.2016 വരെ

## 1. പൊതു അവലോകനം

1989 ലെ കേരള പബ്ലിക് ലൈബ്രറീസ് ചട്ടം അനുസരിച്ച് സംയോജിക്കപ്പെട്ട സ്ഥാപനമാണ് ലൈബ്രറി കൗൺസിൽ. ഇതിന് കീഴിൽ 14 ജില്ലാ ലൈബ്രറി കൗൺസിലുകളും 75 താലൂക്ക് ലൈബ്രറി കൗൺസിലുകളും പ്രവർത്തിക്കുന്നുണ്ട്. 12 താലൂക്ക് ലൈബ്രറികൾ പുതുതായി രൂപവൽക്കരിക്കപ്പെട്ടവയാണ്. മഞ്ചേശ്വരം, വെള്ളരിക്കുണ്ട്, ഇരിട്ടി, താമരശ്ശേരി, കൊണ്ടോട്ടി, പട്ടാമ്പി, ചാലക്കുടി, ഇടുക്കി, കോന്നി, പുനലൂർ, വർക്കല, കാട്ടാക്കട എന്നീ താലൂക്ക് ലൈബ്രറി കൗൺസിലുകളാണ് പുതുതായി രൂപവൽക്കരിച്ചത്.

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിട നികുതിയുടെ 5% ലൈബ്രറി സെസ്സായി പിരിച്ചെടുത്ത് ലൈബ്രറി കൗൺസിലിന് നൽകുന്നു. ലൈബറി കൗൺസിലിന്റെ പ്രധാനപ്പെട്ട വരുമാനമാണ് ലൈബ്രറി സെസ്സ്. കേരള പബ്ലിക് ലൈബ്രറീസ് ആക്ട് പ്രകാരമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സെസ് പിരിച്ചെടുക്കുന്നത്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നിയമപ്രകാരം പിരിച്ചെടുത്ത തുക ലൈബ്രറി കൗൺസിലിന് കൈമാറുന്നില്ല. ഡി.സി.ബി സ്റ്റേറ്റ്മെന്റ് ലഭ്യമല്ലാത്തതിനാൽ സെസ്സിനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ വിശദവിവരങ്ങൾ പരിശോധിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. 2015-16 വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ 22,09,24,958/- രൂപ ലഭിച്ചിട്ടുണ്ട്. സംസ്ഥാന ബജറ്റിൽ വിദ്യാഭ്യാസത്തിനായി നീക്കി വെയ്ക്കുന്ന തുകയുടെ 1% ലൈബ്രറി ഗ്രാന്റായി സർക്കാരിൽ നിന്നും ലഭിക്കുന്നു.

## 2. ബജറ്റ്

ജനറൽ കൗൺസിൽ കൂടി 2015-16 വർഷത്തേയ്ക്ക് 46,50,00,000/- രൂപയുടെ വരവും 46,50,00,000/- രൂപയുടെ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റിന് അംഗീകാരം നൽകി.

## 3. വരവ് ചെലവ് പത്രിക

2015-16 സാമ്പത്തിക വർഷത്തെ വരവ് 48,18,96,188/-രൂപയും ചെലവ് 47,91,64,684/- രൂപയുമാണ്.

## 4. സർക്കാർ ധനസഹായം

സർക്കാർ ഗ്രാന്റിനത്തിൽ 2015-16 വർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉത്തരവ് നം./ തീയതി | തുക | നിക്ഷേപിച്ച തീയതി |
|---|---|---|---|
| | **പദ്ധതിയേതരം** | | |
| 1 | ജി.ഒ.(സാധാ) നം.1942/2015/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി :8.7.2015 | 10335500 | 07.08.2015 |
| 2 | ജി.ഒ.(സാധാ) നം.1942/2015/ ഉ.വി.വ, തീയതി :28.7.2015 | 39430750 | 07.08.2015 |
| 3 | ജി.ഒ.(സാധാ) നം.4067/15/ ഉ.വി.വ, തീയതി :9.12.2015 | 10335500 | 22.05.2015 |
| 4 | ജി.ഒ.(സാധാ) നം.4067/15/ ഉ.വി.വ, തീയതി :9.12.2015 | 39430750 | 22.12.2015 |
| 5 | ജി.ഒ.(സാധാ) നം.787/16/ ഉ.വി.വ, തീയതി :18.03.2016 | 10335500 | 22.03.2016 |
| 6 | ജി.ഒ.(സാധാ) നം.787/16/ ഉ.വി.വ, തീയതി :18.03.2016 | 39430750 | 22.03.2016 |
| 7 | ജി.ഒ.(സാധാ) നം.963/16/ ഉ.വി.വ, തീയതി :31.03.2016 | 10335500 | 31.03.2016 |
| | **ആകെ** | **159634250** | |
| | **പദ്ധതി** | | |
| 1 | ജി.ഒ.(ആർ.റ്റി) നം.2504/15 ഉ.വി.വ, തീയതി :23.09.2015 | 5000000 | 29.09.2015 |
| 2 | ജി.ഒ.(ആർ.റ്റി) നം.2586/15 ഉ.വി.വ, തീയതി :01.10.2015 | 8000000 | 19.10.2015 |
| | **ആകെ** | **13000000** | |

## 5. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ ടി.എ. പരിധി സ്വയം ഒഴിവാക്കി നൽകിയത് അംഗീകരിക്കാനാവില്ല.

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്ക് ഗ്രേഡ്-I സർക്കാർ ജീവനക്കാർക്ക് തുല്യമായി കണക്കാക്കി 3500/-രൂപ മാസപരിധി നിശ്ചയിച്ചാണ് ടി.എ. നൽകി വരുന്നത്. എന്നാൽ വിവിധ ജില്ലയിൽ നിന്നുള്ള അംഗങ്ങൾ നിരന്തരം യോഗങ്ങളിൽ പങ്കെടുക്കുന്നതിനായി യാത്ര ചെയ്യേണ്ടി വരുന്നതിനാൽ മേൽ പരിധി അപര്യാപ്തമാണെന്നും അതിനാൽ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെ ടി.എ.സീലിംഗിൽ നിന്ന് ഒഴിവാക്കി യഥാർത്ഥ യാത്രബത്ത നൽകുന്നതിന് സർക്കാരിന്റെ അനുമതി തേടാൻ 25.05.2015-ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ച 04.06.2015-ലെ എ 2-1805/15-ാം നം. കത്തുപ്രകാരം സർക്കാർ അനുമതി തേടുകയും ചെയ്തു. "എക്സിക്യൂട്ടീവ്

A blanket exemption in r/o the TA has to be sought from Govt.

കമ്മിറ്റി അംഗങ്ങളെ യാത്രാബത്തപരിധിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കാനാവില്ലായെന്നും ഓരോ വ്യക്തിഗത അപേക്ഷയും അതാതിന്റെ യോഗ്യതയ്ക്കനുസരിച്ച് പരിഗണിയ്ക്കാവുന്നതാണെന്നും", ഉന്നതവിദ്യാഭ്യാസ(എ) വകുപ്പിന്റെ 02.09.2015-ലെ 18438/എ 2/2015/ഉ.വി.വ. നമ്പർ കത്തിൽ അറിയിച്ചിട്ടുണ്ട്. മേല്പറഞ്ഞ രീതിയിൽ പരിധി ഇളവു ചെയ്തു കിട്ടാൻ ഗവൺമെന്റിനെ സമീപിക്കുന്നതിനു പകരം എക്സിക്യൂട്ടീവ് കമ്മിറ്റി തന്നെ ഓരോ സന്ദർഭത്തിലും അംഗങ്ങളുടെ യാത്രാബത്ത പരിധി ഇളവു ചെയ്തു നല്കിയിട്ടുള്ളതായി കാണുന്നു. ഉദാഹരണത്തിന് സെക്രട്ടറി ശ്രീ. പി.അപ്പുക്കുട്ടന്റെ 2015 നവംബർ മാസത്തെ യാത്രാബത്ത തുകയായി 5486/-രൂപ, ഡിസംബർ മാസത്തെ യാത്രാബത്തയായി 5,472/-രൂപ (വൗച്ചർ നം.66(9)/22.01.2016, വൗച്ചർ നം.91/30.01.2016) 2016 ജനുവരി മാസത്തെ യാത്രാബത്തയായി 10500/- (വൗച്ചർ നം.95/19.02.2016) രൂപ എന്നിങ്ങനെ പരിധി പാലിക്കാതെ ടി.എ. ബിൽ തുക മാറി നൽകിയിട്ടുണ്ട്. ഇത് അംഗീകരിക്കാനാവില്ല. അതിനാൽ മേൽ യാത്രാബത്ത ബില്ലിൽ ഓരോ മാസവും ടി.എ. പരിധി കഴിച്ച് ബാക്കി തുക യഥാക്രമം 1986/-രൂപ, 1972/-രൂപ, 7000/- എന്നിവ ചേർത്ത് ആകെ 10,958/-രൂപ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. .

## 6. ജീവനക്കാർ എസ്.എൽ.ഐ./ജി.ഐ.എസ്. പദ്ധതിയിൽ അംഗങ്ങളായിട്ടില്ല – സംസ്ഥാന സർക്കാരിന് നഷ്ടം

കേരളാ സർവ്വീസ് റൂൾസ്, റൂൾ 31(പാർട്ട് 1), പ്രകാരം പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർ SLI, GIS പദ്ധതികളിൽ അംഗമാകാത്ത പക്ഷം ടി വ്യക്തികൾക്ക് ആദ്യത്തെ ഇൻക്രിമെന്റ് നൽകാൻ പാടുള്ളതല്ല. എന്നാൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ശമ്പള ബിൽ പരിശോധിച്ചതിൽ ആകെ 75 ജീവനക്കാരിൽ 4 പേർ മാത്രമേ എസ്.എൽ.ഐ. പദ്ധതിയിൽ അംഗമായിട്ടുള്ളൂ എന്ന് കണ്ടു. 75 ജീവനക്കാരിൽ ഒരാൾ പോലും ജി.ഐ.എസ്.-ൽ അംഗത്വമെടുത്തിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിരമായി ചട്ടപ്രകാരമുള്ള തിരുത്തൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 7. സ്ഥിരനിയമനം–സ്പെഷ്യൽ റൂൾസ് അംഗീകാരം –തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ജീവനക്കാരുടെ നിയമനം പി.എസ്.സി. മുഖേന നടത്തുന്നതു സംബന്ധിച്ച് സ.ഉ.(കൈ) നം.124/2011/ഉ.വി.വ. തീയതി 09.08.2011 നം. ഉത്തരവു പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 1991-ലെ കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) ചട്ടങ്ങളിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേല്പറഞ്ഞ ഉത്തരവിനു ശേഷം ആശ്രിത നിയമന വ്യവസ്ഥയിൽ 11 ജീവനക്കാർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സർവ്വീസ് റൂൾസ് കരടിന് 08.08.2014-ലെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം അംഗീകാരം നൽകുകയും ആയത് തുടർനടപടികൾക്കായി സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് ഏറ്റവും അവസാനം സർക്കാരുമായി ആശയവിനിമയം നടന്നിട്ടുള്ളത് 2016 ഫെബ്രുവരിയിലാണ്. ഇക്കാര്യത്തിൽ സത്വര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 8. സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമല്ല

സ്ഥാപനത്തിന്റെ വൗച്ചറുകൾ പരിശോധിച്ചതിൽ പല തവണ വാങ്ങിയ വസ്തുക്കൾ സ്റ്റോക്കിൽ ചേർക്കുന്നില്ല എന്ന് കണ്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ടി സാധനങ്ങൾ സ്റ്റോക്കിൽ ചേർക്കാത്തതിനാൽ അവയുടെ വിനിയോഗം സംബന്ധിച്ച വിശദാംശവും ലഭ്യമല്ല.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം. | സാധനങ്ങൾ വാങ്ങിയത് | റിമാർക്സ് |
|---|---|---|---|---|
| 1 | 46/ 17.09.2015 | ചെക്ക് നം.2030 ₹7300/- | SR ഇലക്ട്രിക്കൽസ് | സ്റ്റോക്ക് ഇല്ല |
| 2 | 156/ 30.03.2016 | 522945/ 30.03.2016 | ലോഗ്ടെക് ഇൻഫോവേ പ്രൈവറ്റ് ലിമിറ്റഡ് 3 UPS വാങ്ങിയത് തുക 5700/- രൂപ | സ്റ്റോക്കിൽ എടുത്തിട്ടില്ല |
| 3 | 20/ 03.07.2015 | 843642/ 03.07.2015 | വാട്ടർ ഹീറ്റർ വാങ്ങുന്നതിന് ശ്യാം പ്രസാദിന് നൽകിയത് തുക-₹15000/- | സ്റ്റോക്കിൽ ഇല്ല |
| 4 | 79/ 16.02.2016 | 522702 | 36 കോപ്പി പുസ്തകങ്ങൾ വാങ്ങിയത് തുക 5749/-രൂപ | സ്റ്റോക്കിൽ എടുത്തില്ല. വിനിയോഗ വിവരം ഇല്ല |
| 5 | 175/ 31.03.2016 | 522958/31.03. 2016 | വിഘ്നേശ്വര മെറ്റൽസ് ശില്പം വാങ്ങിയത് തുക 9604/- | സ്റ്റോക്കിൽ ഇല്ല |
| 6 | 45/ 10.02.2016 | 522671/ 10.02.2016 | വിഘ്നേശ്വര മെറ്റൽസ് ശില്പം വാങ്ങിയത് തുക 65180/- | സ്റ്റോക്കിൽ ഇല്ല |
| 7 | 14/4-6/05 | 84348/ 04.06.2015 | ഫയൽ ഫോൾഡ് വാങ്ങിയത് തുക- 12000/- | സ്റ്റോക്കിൽ ഇല്ല വിനിയോഗ വിവരം ലഭ്യമല്ല. |

## 9. എക്സിക്യൂട്ടീവ് കമ്മിറ്റി-ഔദ്യോഗിക ഭാരവാഹികൾക്ക് അലവൻസ്, വർദ്ധിപ്പിച്ചു-സർക്കാർ അനുമതി വാങ്ങിയിട്ടില്ല

ഉത്തരവു നം.ബി1/961/15 തീയതി 30.06.2015 പ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റി ഔദ്യോഗിക ഭാരവാഹികൾക്ക് അലവൻസ് വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പ്രസിഡന്റ് - 7500/-രൂപ, സെക്രട്ടറി-15000/-രൂപ വൈസ് പ്രസിഡന്റ് - 5000/-രൂപ, ജോയിന്റ് സെക്രട്ടറി - 5000/-രൂപ, ചീഫ് എഡിറ്റർ - 6000/-രൂപ എന്നീ നിരക്കിലാണ് അലവൻസ് പുതുക്കി തീരുമാനിച്ചത്. 2015 ഏപ്രിൽ മുതൽ പ്രാബല്യത്തിൽ പുതുക്കിയ നിരക്ക് നൽകിയിട്ടുണ്ട്. (ചെക്ക് നം.843631 തീയതി 20.07.2015 തുക ₹56500/-). എന്നാൽ ഈ വർദ്ധനയ്ക്ക് സർക്കാർ അംഗീകാരം/സാധൂകരണം വാങ്ങിയിട്ടില്ല. ഔദ്യോഗിക ഭാരവാഹികൾക്ക് അലവൻസ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ അനുമതി വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ സാധൂകരണം തേടിയില്ല എന്ന് ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21) മറുപടി നൽകിയിരിക്കുന്നു. എന്നാൽ എക്സിക്യൂട്ടീവ് കമ്മിറ്റി ഭാരവാഹികൾക്ക് അലവൻസു നൽകുന്നതിന് കേരള പബ്ലിക് ലൈബ്രറീസ് ആക്റ്റിലോ റൂളിലോ വ്യവസ്ഥ ചെയ്തിട്ടില്ല. അതിനാൽ ആയതു നൽകുന്നത് സർക്കാർ ഉത്തരവുകളുടെ പിൻബലത്തിലാണ്. അതു കൊണ്ടുതന്നെ അലവൻസുകളുടെ നിരക്ക പുതുക്കുന്നതിനും സർക്കാർ അനുമതി/സാധൂകരണം ആവശ്യമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 10. രജിസ്റ്ററുകളും, വൗച്ചറുകളും നിശ്ചിത മാതൃകയിൽ പരിപാലിക്കുന്നില്ല

സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനത്തിൽ ക്യാഷ്ബുക്ക് TR-7A മാതൃകയിലാണ് അച്ചടിച്ച പരിപാലിക്കേണ്ടത്. എന്നാൽ കേരള സ്റ്റേറ്റ് ലൈബ്രറീസ് ആക്ട്-1989 പ്രകാരമുള്ള ക്യാഷ്ബുക്കാണ് സ്ഥാപനത്തിൽ പരിപാലിച്ച വരുന്നത്. അടുത്ത സാമ്പത്തിക വർഷം മുതൽ ക്യാഷ് ബുക്ക് TR-7-ൽ പരിപാലിക്കേണ്ടതാണ്.

സ്ഥാപനത്തിൽ വൗച്ചറുകൾ പരിപാലിച്ച വരുന്നത് KFC പ്രകാരമുള്ള Fully vouched Contingent Bill (Form TR61 Rule 187(E))- മാതൃകയിലല്ല. നിലവിൽ നടപടി ക്രമങ്ങളുടെ പകർപ്പിൽ ചെക്ക് നം, വൗച്ചർ നം, തീയതി എന്നിവ രേഖപ്പെടുത്തിയാണ് വൗച്ചറായി സൂക്ഷിക്കുന്നത്. നിശ്ചിത ബിൽ മാതൃകയിൽ വൗച്ചർ തയ്യാറാക്കി, പ്രസിഡന്റ്/സെക്രട്ടറിയും അക്കൗണ്ട്സ് ഓഫീസറും സാക്ഷ്യപ്പെടുത്തി സീൽ ചെയ്തു സൂക്ഷിക്കേണ്ടതാണ്.

## 11. നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ടതിനു ശേഷം ആശ്രിത നിയമനം-സർക്കാർ അനുമതി വാങ്ങിയില്ല

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ജീവനക്കാരുടെ നിയമനം പി.എസ്.സിയ്ക്ക് വിട്ടുകൊടുത്തുകൊണ്ട് സ.ഉ.(കൈ)നം.124/2011/ഉ.വി.വ. തീയതി 09.08.2011 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവിനു ശേഷം ആശ്രിത നിയമന വ്യവസ്ഥയിൽ 11 പേർക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം സ്ഥിരനിയമനം നൽകിയിട്ടുണ്ട്. എന്നാൽ നിയമനങ്ങൾക്ക് സർക്കാർ അനുമതി വാങ്ങിയതായി കാണുന്നില്ല. നിയമനം പി.എസ്.സിയ്ക്ക്

വിട്ടുകൊടുത്ത ശേഷം ആശ്രിത നിയമന വ്യവസ്ഥയിൽ സ്ഥിരനിയമനം നടത്തുമ്പോൾ സർക്കാരിൽ നിന്ന് അനുമതി വാങ്ങേണ്ടതാണ്. എന്നാൽ ഇക്കാര്യത്തിൽ സ്ഥാപനത്തിന്റെ ഭാഗത്തു വീഴ്ച സംഭവിച്ചിരിക്കുന്നു.

## 12. സ്ഥാപനത്തിൽ നിന്നും നൽകുന്ന കൈപ്പറ്റ് രസീത് ആധികാരികമല്ല

കേരള അക്കൗണ്ട് കോഡ് പ്രകാരം സ്ഥാപനത്തിൽ നിന്ന് നൽകുന്ന രസീതുകളിൽ സ്ഥാപനത്തിന്റെ റൗണ്ട് സീൽ നിർബന്ധമായും പതിച്ചിരിക്കേണ്ടതാണ്. എന്നാൽ സ്ഥാപനത്തിൽ നിന്നും നൽകുന്ന രസീതുകളിൽ സീൽ പതിച്ചിട്ടില്ല എന്നു കണ്ടു. അതിനാൽ തന്നെ ടി രസീതുകൾ ആധികാരികമല്ല. രസീതു ബുക്കുകൾ പ്രിന്റ് ചെയ്തു കിട്ടുമ്പോൾ തന്നെ പേജുകൾ നഷ്ടപ്പെട്ടിട്ടുണ്ടോ എന്നു പരിശോധിച്ച്, ഓരോ പേജിലും സീൽ പതിക്കേണ്ടതാണ്. കൂടാതെ ഓരോ രസീതു ബുക്കിലും പുറം ചട്ടയിൽ അതിലെ പേജ് നമ്പറുകളും, ആർക്ക് വിനിയോഗിക്കാൻ നൽകി എന്നതും സംബന്ധിച്ച സാക്ഷ്യപത്രം എഴുതി അക്കൗണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 13. ടെണ്ടർ നടപടികളിലെ അപാകത

സാധനങ്ങളും സേവനങ്ങളും ടെണ്ടർ മുഖേന വാങ്ങുമ്പോൾ കൃത്യമായ നിയമാവലി പാലിക്കപ്പെടണമെന്ന് സ്റ്റോർ പർച്ചേസ് മാന്വൽ വ്യക്തമാക്കുന്നുണ്ട്. 2015-16 വർഷത്തെ ടെണ്ടർ നടപടിക്രമം പരിശോധിച്ചതിൽ ടെണ്ടർ സ്വീകരിക്കൽ, ടെണ്ടർ പൊട്ടിക്കൽ, ടെണ്ടർ സ്ഥിരപ്പെടുത്തൽ എന്നിവ കൃത്യമായ നിയമാവലിക്കനുസൃതമായല്ല എന്ന് മനസ്സിലാക്കുന്നു. അതുപോലെ ടെണ്ടർ നൽകിക്കഴിഞ്ഞാൽ പ്രവൃത്തിയുടെ അളവിൽ ക്രമാതീതമായ മാറ്റം വരുത്താൻ പാടില്ലായെന്ന് സ്റ്റോർ പർച്ചേസ് മാന്വൽ വ്യക്തമാക്കുന്നുണ്ട്. ടോളറൻസ് ക്ലോസ് (tolerance clause) ഖ. 9.55 പ്രകാരം ആവശ്യകതയിൽ ഉണ്ടാകുന്ന മാറ്റം കണക്കിലെടുത്ത് പർച്ചേസുകൾക്ക് ഒരു നിശ്ചിത അളവ് കൂടുതലോ കുറവോ നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി വാങ്ങാം. എന്നാൽ ചരിത്രപുസ്തകം അച്ചടിക്കാനായി 2000 കോപ്പിക്ക്, C.C Industries എന്ന സ്ഥാപനത്തിന് ലൈബ്രറി കൗൺസിൽ ടെണ്ടർ നൽകിയെങ്കിലും കരാർ ഉറപ്പിക്കുന്ന സമയത്ത് കോപ്പികളുടെ എണ്ണം 300 മതിയെന്ന് പ്രസ്തുത സ്ഥാപനത്തോട് ആവശ്യപ്പെട്ടിരുന്നു. അച്ചടിക്കാനുള്ള കോപ്പികളുടെ എണ്ണം കുറവായതിനാൽ സ്ഥാപനം ടെണ്ടറിൽ നിന്നും പിൻമാറി. ആയതിനാൽ റീടെണ്ടർ വിളിക്കുകയും ഒരു സ്ഥാപനം (അക്ഷര ഓഫ്സെറ്റ്, വഞ്ചിയൂർ, തിരുവനന്തപുരം) മാത്രം പങ്കെടുക്കുകയും നെഗോസ്യേഷൻ നൽകി ടെണ്ടർ ഉറപ്പിക്കുകയും ചെയ്തു. ഓഡിറ്റ് എൻക്വയറി നം. 12 ന്റെ മറുപടിയായി "ചരിത്രപുസ്തകം ആദ്യപതിപ്പ് താലൂക്ക്, ജില്ല, സംസ്ഥാന കൗൺസിൽ അംഗങ്ങൾക്ക് വിതരണം ചെയ്ത് കുറവുകൾ പരിഹരിച്ച് കൂടുതൽ പതിപ്പുകൾ ഇറക്കണമെന്ന പൊതുനിർദ്ദേശം ഉണ്ടായതിനാൽ പ്രാദേശികമായി രചിക്കപ്പെട്ട ചരിത്രപുസ്തകം ഒന്നാം പതിപ്പായി 300 എണ്ണം പ്രിന്റ് ചെയ്യാമെന്ന നിലപാടു സ്വീകരിച്ചു കൂടുതൽ കോപ്പികൾ അച്ചടിക്കുന്നതാണ് ഉചിതമെന്ന നിഗമനത്തിലെത്തി" എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ നിലവിൽ പ്രിന്റിംഗ് നടപടികൾ നിർത്തിവയ്ക്കാൻ വർക്ക് ഓർഡർ നൽകിയ സ്ഥാപനത്തോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

കൃത്യമായ ആവശ്യകത മനസ്സിലാക്കാതെ ധ്രുതഗതിയിൽ നടപ്പിലാക്കാൻ ശ്രമിച്ച ഒർ പദ്ധതിയുടെ പരാജയമാണ് ഇതിൽ കാണുന്നത്. ടെണ്ടർ, റീടെണ്ടർ മുഖേന സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടുണ്ട്. പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുമ്പോൾ പ്രായോഗികതലം കൂടുതൽ പരിശോധിച്ച് നടപ്പിലാക്കാൻ ശ്രമിക്കണം.

## 14. ബാലവേദി ലിറ്റിൽ തിയറ്റർ ഗ്രാന്റ് - വിനിയോഗം ലഭ്യമാക്കിയിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു.

ഉത്തരവ് നം F4/641/16, തീയതി 28.03.15 പ്രകാരം ഗ്രന്ഥശാലകളുടെ ആഭിമുഖ്യത്തിൽ ലിറ്റിൽ തിയറ്റർ (സംഗീതഉപകരണങ്ങളും മറ്റും വാങ്ങുന്നതിന്) ആരംഭിക്കുന്നതിന് ഒരു ജില്ലയിലെ അഞ്ചുവീതം ഗ്രന്ഥശാലകൾക്ക് ധനസഹായം നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലാ ലൈബ്രറി കൗൺസിലുകൾ അംഗീകരിച്ച് സമർപ്പിക്കുന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗീകരിക്കുന്ന പ്രോജക്ട് തുകയുടെ 75% (പരമാവധി 10000/-) രൂപയാണ് ഗ്രാന്റായി അനുവദിക്കുന്നത്. പ്രസ്തുത തുക അംഗീകരിച്ച പ്രോജക്ട് പ്രകാരം സംഗീത ഉപകരണങ്ങളും മേക്കപ്പ് വേഷവിധാനങ്ങളും മറ്റും വാങ്ങുന്നതിന് മാത്രമേ ചെലവഴിക്കാൻ പാടുള്ളൂവെന്നും, പരിശീലനപരിപാടി, അധ്യാപകരുടെ ശമ്പളം തുടങ്ങിയ ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് വിനിയോഗിക്കാൻ പാടില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ടി തുക കൈപ്പറ്റി 3 മാസത്തിനകം വിനിയോഗം കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഹാജരാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. ചുവടെ ചേർക്കുന്ന താലൂക്ക് ലൈബ്രറി കൗൺസിലുകൾ തുക കൈപ്പറ്റിയിട്ടും വിനിയോഗം ഹാജരാക്കിയിട്ടില്ല .

| ക്രമ നം. | ജില്ല | താലൂക്ക് ലൈബ്രറി കൗൺസിലുകൾ | എണ്ണം | നൽകിയ ആകെ തുക |
|---|---|---|---|---|
| 1. | തിരുവനന്തപുരം | നെടുമങ്ങാട്<br>നെയ്യാറ്റിൻകര<br>തിരുവനന്തപുരം<br>കാട്ടാക്കട | 4 x 10000 | 40000 |
| 2. | കൊല്ലം | കൊല്ലം<br>കൊട്ടാരക്കര<br>കരുനാഗപ്പള്ളി<br>കുന്നത്തൂർ | 4 x 10000 | 40000 |
| 3. | പത്തനംതിട്ട | കോഴഞ്ചേരി<br>അടൂർ<br>മല്ലപ്പള്ളി | 3 x 10000 | 30000 |
| 4. | തൃശ്ശൂർ | ലഭ്യമല്ല | 6 x 10000 | 60000 |
| 5. | മലപ്പുറം | ഏറനാട്<br>പെരിന്തൽമണ്ണ<br>കൊണ്ടോട്ടി | 3 x 10000 | 30000 |

| | | | | |
|---|---|---|---|---|
| 6. | വയനാട് | ലഭ്യമല്ല | 3 x 10000 | 30000 |
| 7. | കണ്ണൂർ | കണ്ണൂർ<br>ഇരിട്ടി<br>കണ്ണൂർ | 1 x 9000<br>2 x 10000 | 29000 |

വൗച്ചർ നം. 136/28.03.16

ചെക്ക് നം. 522922/28.3.16

മേൽ സൂചിപ്പിച്ച ഉത്തരവിന് വിരുദ്ധമായി തൃശ്ശൂർ ജില്ലയിൽ 6 ഗ്രന്ഥശാലകൾക്കാണ് ഗ്രാന്റ് അനുവദിച്ചിരിക്കുന്നത്. കൂടാതെ ഗ്രന്ഥശാലകൾ ഗ്രാന്റിന്റെ വിനിയോഗം ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ ഓഡിറ്റ് അന്വേഷണത്തിലൂടെ അക്കൗണ്ട്സ് ഓഫീസറെ ബോധ്യപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച തുക 2,59,000/- ഓഡിറ്റ് തടസ്സം ചെയ്യുന്നു. മേൽസൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 15. ലൈബ്രേറിയൻ അലവൻസ് - കൈപ്പറ്റ് ഹാജരാക്കിയിട്ടില്ല. - തടസ്സം 79,66,500/-

2015-16 വർഷത്തെ ഗ്രേഡേഷൻ പരിശോധന കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് ഗ്രന്ഥശാലകൾക്ക് ലൈബ്രേറിയൻ അലവൻസിന്റെ രണ്ടാം ഗഡു അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ജില്ലാ ലൈബ്രറി കൗൺസിലുകൾ മുഖേനയാണ് അനുവദിച്ചിരിക്കുന്നത്. പ്രസ്തുത തുകയ്ക്ക് കൈപ്പറ്റ് രസീത് വാങ്ങേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന താലൂക്ക് ലൈബ്രറി കൗൺസിലുകൾക്ക് അനുവദിച്ച തുകയ്ക്ക് കൈപ്പറ്റ് ഹാജരാക്കിയിട്ടില്ല.

| ജില്ല | താലൂക്ക് | അനുവദിച്ച തുക | വൗച്ചർ / ചെക്ക് നം. |
|---|---|---|---|
| തിരുവനന്തപുരം | നെടുമങ്ങാട് | 701400 | വൗച്ചർ നം. 79-1 / 22.3.16<br>ചെക്ക് നം. 0075143 / 22.03.16 |
| | വർക്കല | 310800 | |
| | ചിറയിൻകീഴ് | 317400 | |
| | കാട്ടാക്കട | 409800 | |
| | തിരുവനന്തപുരം | 1026600 | |
| | നെയ്യാറ്റിൻകര | 855900 | |
| പത്തനംതിട്ട | മല്ലപ്പള്ളി | 170700 | |
| | തിരുവല്ല | 327600 | |

| | | | |
|---|---|---|---|
| | കോഴഞ്ചേരി | 347100 | വൗച്ചർ നം. |
| | റാന്നി | 267000 | 79-h / 22.3.16 |
| | കോന്നി | 255000 | |
| | അടൂർ | 495600 | ചെക്ക് നം. 0075138 / 22.03.16 |
| കോട്ടയം | മീനച്ചിൽ | 560400 | വൗച്ചർ നം. |
| | വൈക്കം | 366000 | 79-k / 22.3.16 |
| | ചങ്ങനാശ്ശേരി | 464700 | |
| | കോട്ടയം | 678000 | |
| | കാഞ്ഞിരപ്പള്ളി | 412500 | ചെക്ക് നം. 0075142 / 22.03.16 |
| | **ആകെ** | **7966500** | |

കൈപ്പറ്റ് രസീതിന്റെ അഭാവത്തിൽ ഈ ഇനത്തിൽ അനുവദിച്ച തുക 7966500/- ഓഡിറ്റ് തടസ്സം ചെയ്യുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം. 19) മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രസീത് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 16. ശമ്പള കുടിശ്ശിക അനുവദിക്കൽ – ശമ്പള പത്രിക ഹാജരാക്കിയിട്ടില്ല. – തടസ്സം 1304/- രൂപ

വൗച്ചർ നം. 24/04.3.2016

ചെക്ക് നം. 522790 തീ. 4.3.2016

ഇടുക്കി ജില്ലാ ലൈബ്രറി കൗൺസിലിലെ ഓഫീസ് അറ്റന്റായ ശ്രീമതി. കെ റജീനയ്ക്ക് 2015 നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ ഇൻക്രിമെന്റ് കുടിശ്ശികയായി 1304/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാളുടെ ശമ്പള പത്രിക (pay due and drawn statement) വൗച്ചറിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടി ചെലവിന്റെ ആധികാരികത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഈ അപാകത ഓഡിറ്റ് അന്വേഷണം നം. 19 പ്രകാരം അക്കൗണ്ട്സ് ഓഫീസറെ ബോധ്യപ്പെടുത്തിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 1304/- രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. ശമ്പള പത്രിക ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 17. ജീവനക്കാർക്ക് ദിവസവേതന ഇനത്തിൽ അധികതുക അനുവദിച്ചു – ക്രമീകരിച്ചിട്ടില്ല – നഷ്ടം 700/- രൂപ.

വൗച്ചർ നം. 33/5.3.2016

ചെക്ക് നം. 522798 തീ. 5.3.2016

കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴ്ഘടകമായ ജില്ലാ, താലൂക്ക് ലൈബ്രറി കൗൺസിലുകളിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാർക്ക് 2016 ഫെബ്രുവരി മാസം അനുവദിച്ച വേതനത്തിൽ അധിക തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു-

| ക്ര. നം. | പേര്, തസ്തിക | ജില്ല / താലൂക്ക് | ചെക്ക് പ്രകാരം അനുവദിച്ച തുക | കൈപ്പറ്റ് രസീത് പ്രകാരം കൈപ്പറ്റിയ തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|
| 1. | ശ്രീ.പി.പ്രസാദ് ഓഫീസ് അറ്റൻഡന്റ് | കണ്ണൂർ | 8400 | 8050 | 350 |
| 2. | ശ്രീ.കെ.ജെ.ജോഷി ഓഫീസ് അറ്റൻഡന്റ് | ആലപ്പുഴ | 8750 | 8400 | 350 |
| | ആകെ | | | | 700 |

ചെക്ക് മുഖേന അധികം അനുവദിച്ച തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം. 19) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ
നഷ്ട തുക 700/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 18. വനിതാ വേദി കേന്ദ്രങ്ങൾക്ക് വികസന ഗ്രാന്റ് അനുവദിക്കൽ – കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. – തടസ്സം 1,25,000/-

വൗച്ചർ നം. 38/9.3.16

ചെക്ക് നം. 522802 തീ. 09.03.16

കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സംസ്ഥാനത്തെ ഗ്രന്ഥശാലകളിൽ സ്ത്രീകളുടെ വിഭാഗമായി പ്രവർത്തിക്കുന്ന വനിത വേദി കേന്ദ്രങ്ങൾക്ക് 5000/- രൂപ നിരക്കിൽ വികസന ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലാ ലൈബ്രറി കൗൺസിലുകൾക്ക് കീഴിൽ അംഗീകാരം നൽകിയ 82 വനിതാ വേദികൾക്കാണ് ഈ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ഇതിൽ കോട്ടയം ജില്ലയിൽ നിന്നുള്ള 13 വനിതാവേദികളും തൃശ്ശൂർ ജില്ലയിലെ 12 വനിതാവേദികളും തുകയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ വനിതാവേദികൾക്ക് അനുവദിച്ച തുക

(25 x 5000) 125000 രൂപ തടസ്സം ചെയ്യുന്നു. കൈപ്പറ്റ് രസീത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 19. 2016-ലെ ലൈബ്രറി ഗൈഡ് അച്ചടി

(a) ***റീ ടെണ്ടർ ചെയ്തില്ല.***

20.10.2015 ലെ എ 3/4364/15 ടെണ്ടർ നടപടികൾ പ്രകാരം 2016-ലെ ലൈബ്രറി ഗൈഡ് അച്ചടിക്കാൻ പരസ്യം നൽകി. പ്രസ്തുത ജോലിക്ക് സി.സി. ഇൻഡസ്ട്രീസ് ഞാറയ്ക്കൽ എന്ന സ്ഥാപനത്തിൽ നിന്നും മാത്രം ടെണ്ടർ ലഭിക്കുകയും പ്രസ്തുത സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു. ഓഡിറ്റ് എൻക്വയറി.നം. 5 ന നൽകിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത് റീ- ടെണ്ടർ വിളിച്ചാൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാനാണ്, നെഗോസിയേഷൻ നടത്തി സിസി ഇൻഡസ്ട്രീസ് ഞാറയ്ക്കലിന് പ്രവൃത്തി ഏൽപിച്ചെന്നാണ്. എന്നാൽ ഈ മറുപടി ഓഡിറ്റിന് അംഗീകരിക്കാൻ കഴിയില്ല. ടെണ്ടറിന് പത്രപരസ്യം നൽകുന്നതോടൊപ്പം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ സ്ഥിരം പ്രവൃത്തി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകാമായിരുന്നു. ഇത്തരം സാധ്യതകൾ പരിശോധിക്കാതെയാണ്, റീ ടെണ്ടർ ഒഴിവാക്കി, നെഗോസിയേഷൻ നടത്തി കരാർ ഉറപ്പിച്ചത്.

(b) ***പരസ്യ വരുമാനം ഈടാക്കിയില്ല - സാമ്പത്തിക നഷ്ടം***

പരസ്യ വരുമാനത്തിൽ നിന്നാണ് ലൈബ്രറി ഗൈഡ് അച്ചടിക്കുന്നതിന് ഫണ്ട് കണ്ടെത്തുന്നത്. പരസ്യം നൽകിയ സ്ഥാപനങ്ങൾ കൃത്യമായി പണമടയ്ക്കാത്തതിനാൽ ലൈബ്രറി ഗൈഡ് അച്ചടിയിൽ നഷ്ടം നേരിട്ടു. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് തുക ഈടാക്കിയിട്ടില്ല.

1. സാഹിത്യ പ്രവർത്തക സഹകരണ സംഘം (SPCS) (ഫുൾ പേജ്)
2. മാതൃഭൂമി - ഫുൾപേജ്
3. ട്രാൻസ്വേൾഡ് ടെക്നോളജീസ് (1/4 പേജ്)
4. ബിലീവേഴ്സ് ചർച്ച്, മെഡിക്കൽ കോളേജ് (ഫുൾ പേജ്)

ഇതിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘം, മാതൃഭൂമി, ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ് എന്നിവരുടെ പരസ്യക്കൂലിയായി ഡിമാന്റ് ചെയ്ത 90000/- പിരിച്ചെടുക്കാത്തതിനാൽ (തൊണ്ണൂറായിരം രൂപ) നഷ്ടമായിട്ടുണ്ട്. ഈ നാല് സ്ഥാപനങ്ങളുടെ കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(c) ***അംഗീകൃത പരസ്യ നിരക്ക് ഇല്ല***

പരസ്യങ്ങൾ സ്വീകരിക്കുമ്പോൾ നിരക്ക് നിശ്ചയിച്ച്, സ്ഥാപനങ്ങളുമായി കരാർ ഉറപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ലൈബ്രറി ഗൈഡ് പരസ്യം സ്വീകരിച്ചപ്പോൾ പരസ്യത്തിന് താരിഫ് നിശ്ചയിക്കാതിരുന്നതിനാൽ ഏകീകൃത പരസ്യ നിരക്ക് ഈടാക്കാൻ കഴിഞ്ഞിട്ടില്ല. ഓഡിറ്റ്

എൻക്വയറി നമ്പർ 3-ന്റെ മറുപടിയായി പരസ്യനിരക്ക് നിജപ്പെടുത്തുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമില്ലായെന്നാണ് അറിയിച്ചിട്ടുള്ളത്. സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തുകയ്ക്ക് ആനുപാതികമായി പരസ്യത്തിന് സ്ഥലം നൽകുകയാണ് ചെയ്ത് വരുന്നത് എന്നും പ്രസ്തുത മറുപടിയിൽ പറയുന്നു. എന്നാൽ പരിശോധനയിൽ മനസ്സിലായത് ഡയറി അച്ചടിച്ച ശേഷമാണ് പണം ലഭിക്കുന്നതെന്നാണ്. പരസ്യ നിരക്ക് കുടിശ്ശികയും ഉണ്ട്. ലൈബ്രറി ഗൈഡ് അച്ചടിക്കുമ്പോൾ കൂടുതൽ ജാഗ്രത പുലർത്താൻ എക്സിക്യൂട്ടീവ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 20. ലൈബ്രറി സെസ്സ് കൃത്യമായി ലഭിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് റൂൾ പ്രകാരം സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ പ്രധാന വരുമാന മാർഗ്ഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ലൈബ്രറി സെസ്സാണ്. എന്നാൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ലൈബ്രറി സെസ്സ് കൃത്യമായി അടവ് വരുത്തുന്നില്ല. 2012-13 സാമ്പത്തിക വർഷം മുതൽ സ്ഥാപനം ഡിമാന്റ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ കുടിശ്ശിക തുക കൃത്യമായി കണക്കാക്കാൻ സാധിച്ചിട്ടില്ല. വലിയ തോതിൽ കുടിശ്ശിക വരുത്തിയ ചില സ്ഥാപനങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു (രജിസ്റ്റർ പ്രകാരം).

| | | |
|---|---|---|
| 1 | കായംകുളം നഗരസഭ | സെസ്സ് അടവാക്കിയിട്ടില്ല |
| 2 | ചെങ്ങന്നൂർ നഗരസഭ | സെസ്സ് അടവാക്കിയിട്ടില്ല |
| 3 | ഒറ്റപ്പാലം നഗരസഭ | സെസ്സ് അടവാക്കിയിട്ടില്ല |
| 4 | പത്തനംതിട്ട നഗരസഭ | 2012-13 സാമ്പത്തിക വർഷം മുതൽ |
| 5 | ആലപ്പുഴ നഗരസഭ | 2012-13 സാമ്പത്തിക വർഷം മുതൽ |
| 6 | ചങ്ങനാശ്ശേരി നഗരസഭ | 2012-13 സാമ്പത്തിക വർഷം മുതൽ |
| 7 | വൈക്കം നഗരസഭ | 2012-13 സാമ്പത്തിക വർഷം മുതൽ |
| 8 | ആലുവ നഗരസഭ | 2012-13 സാമ്പത്തിക വർഷം മുതൽ |
| 9 | പാലക്കാട് നഗരസഭ | 2012-13 സാമ്പത്തിക വർഷം മുതൽ |
| 10 | പുനലൂർ നഗരസഭ | 2013-14 സാമ്പത്തിക വർഷം മുതൽ |
| 11 | തൊടുപുഴ നഗരസഭ | 2013-14 സാമ്പത്തിക വർഷം മുതൽ |
| 12 | മൂവാറ്റുപുഴ നഗരസഭ | 2013-14 സാമ്പത്തിക വർഷം മുതൽ |
| 13 | കളമശ്ശേരി നഗരസഭ | 2013-14 സാമ്പത്തിക വർഷം മുതൽ |
| 14 | കോട്ടയ്ക്കൽ നഗരസഭ | 2013-14 സാമ്പത്തിക വർഷം മുതൽ |
| 15 | വിളപ്പിൽ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല) | 2013-14 സാമ്പത്തിക വർഷം മുതൽ |

| | | |
|---|---|---|
| 16 | പുളിമാത്ത് ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല) | 2013-14 സാമ്പത്തിക വർഷം മുതൽ |
| 17 | പോത്തൻകോട് ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല) | 2013-14 സാമ്പത്തിക വർഷം മുതൽ |
| 18 | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല) | 2013-14 സാമ്പത്തിക വർഷം മുതൽ |

സെസ്സ് പിരിച്ചെടുക്കുന്നതിന് ഊർജ്ജിതമായ ശ്രമം നടന്നുവെന്ന് ഓഡിറ്റ് എൻക്വയറി 4-ന്റെ മറുപടിയായി നൽകിയിട്ടുണ്ട്. എന്നാൽ അത് സംബന്ധിച്ചുള്ള ഫയലുകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സെസ്സ് പിരിച്ചെടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ സെസ്സ് കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി കുടിശ്ശിക തുക കൃത്യമായി കണക്കാക്കി സർക്കാരിന് നൽകുകയും, കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് പിഴ ഈടാക്കാൻ നിയമഭേദഗതിക്കായി സർക്കാരിനെ സമീപിക്കേണ്ടതുമാണ്.

## 21. ഗ്രന്ഥലോകം മാസികയിലെ പരസ്യ ചാർജ്ജ് കുടിശ്ശിക ഈടാക്കണം.

2015-16 വർഷം ലൈബ്രറി കൗൺസിലിന്റെ മുഖമാസികയായ ഗ്രന്ഥലോകത്തിൽ പരസ്യം നൽകിയ ഇനത്തിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനെക്കുറിച്ച് ഓഡിറ്റ് എൻക്വയറി നം.9) നൽകിയിരുന്നു. മറുപടി പ്രകാരം ഒമ്പത് സ്ഥാപനങ്ങൾ താഴെപ്പറയുന്ന കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | ഡി.സി ബുക്സ്, കോട്ടയം | 61875/- രൂപ |
| 2 | ചിന്ത പബ്ലിക്കേഷൻസ് | 27750/- രൂപ |
| 3 | നാഷണൽ ബുക്ക് സ്റ്റാൾ | 9000/- രൂപ |
| 4 | ബുക്ക് മീഡിയ, ചൂണ്ടച്ചേരി, പാല, കോട്ടയം | 1313/- രൂപ |
| 5 | മാളുബെൻ | 1750/- രൂപ |
| 6 | വണ്ണാപുരം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 5000/- രൂപ |
| 7 | കൊടക്കാട് സർവ്വീസ് സഹകരണ ബാങ്ക് | 3000/- രൂപ |
| 8 | കൊയിലാണ്ടി സഹകരണ ആശുപത്രി ആന്റ് മെഡിക്കൽ അക്കാഡമി | 5000/- രൂപ |
| 9 | പൂർണ്ണ പബ്ലിക്കേഷൻസ് | 2250/-രൂപ |

ആകെ 116938/- രൂപ (ഒരു ലക്ഷത്തി പതിനാറായിരത്തി തൊള്ളായിരത്തി മുപ്പത്തിയെട്ട് രൂപ) പ്രസ്തുത തുക അടിയന്തിരമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഗ്രന്ഥലോകം മാസികയിൽ പരസ്യം നൽകിയ സ്ഥാപനങ്ങളുടെ വിവരം ഓരോ മാസവും പട്ടികയാക്കി സൂക്ഷിക്കേണ്ടതും, പ്രസ്തുത പട്ടികയിൽ പരസ്യ ഇനത്തിലെ വരവ് പ്രത്യേകം

കാണിക്കുകയും, സാമ്പത്തിക വർഷാവസാനം, പരസ്യ ഇനത്തിൽ ലഭിക്കേണ്ട തുകയുടെ പ്രത്യേക പട്ടിക തയ്യാറാക്കുകയും വേണം.

## 22. വാഹനം വാങ്ങിയതിന് സർക്കാർ അനുമതി വാങ്ങിയില്ല – തുക തടസ്സപ്പെടുത്തുന്നു.

25-02-2016 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഓഫീസ് ആവശ്യത്തിന് ഒരു ടൂവീലർ സ്കൂട്ടർ അത്യാവശ്യമാണെന്ന് തീരുമാനിക്കുകയും, ഹോണ്ടാ ആക്ടീവ സ്കൂട്ടർ (No. KL-01-BW-9422) വാങ്ങുകയും ചെയ്തു. (അതിനായി 63,137 രൂപ, Cheque No. 522825, തീയതി - 17-03-2016 ചെലവഴിച്ചു). വാഹനം വാങ്ങാൻ സർക്കാർ നൽകിയ അനുമതിപത്രം ഹാജരാക്കാൻ എൻക്വയറി നം. 22 മുഖേന ആവശ്യപ്പെട്ടിരുന്നു. അതിനു ലഭിച്ച മറുപടി : " കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ 25-02-16 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരമാണ് ഓഫീസിൽ 2015-16 സാമ്പത്തിക വർഷത്തിൽ ഹോണ്ടാ ആക്ടീവ വാങ്ങിയത്. 25-02-16 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നം.11 ന്റെ കോപ്പിയും സമർപ്പിച്ചിരുന്നു. എന്നാൽ, The Kerala Public Libraries (Kerala Grandhasala Sangham) Rules 1991, Chapter II, Rule 101(13) -ൽ Powers and Functions of Executive Committee of SLC-ൽ "to purchase for the furtherance of the objectives of the Act, such movable, and other properties such as furniture, fixtures, stationary etc. with the prior concurrence of the Government" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നടപടിക്രമം പാലിക്കാതെയാണ് സ്കൂട്ടർ വാങ്ങിയത്. ആയതിനാൽ സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ വാങ്ങിയ ഹോണ്ട ആക്ടീവ സ്കൂട്ടറിന്റെ വില 63,137/- രൂപ തടസ്സപ്പെടുത്തുന്നു.

## 23. ഇന്റഗ്രേറ്റഡ് ലൈബ്രറി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നിർമ്മാണം

കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള ലൈബ്രറികളിൽ ഉപയോഗിക്കുവാനുള്ള ഇന്റഗ്രേറ്റഡ് ലൈബ്രറി മാനേജ്മെന്റ് സോഫ്റ്റ്‌വെയറിന്റെ നിർമ്മാണം പൂർത്തീകരിച്ച് 20-03-2015 ന് ഉദ്ഘാടനം നടത്തി. സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള പരിശീലനം ഇപ്പോൾ നൽകിവരുന്നു. നിർമ്മാണ കരാർ ഏറ്റെടുത്ത ഒറൈസിസ് ഇന്ത്യ കൺസൾട്ടൻസി സർവ്വീസസ് എൽ.എൽ.പി എന്ന സ്ഥാപനത്തിന് 2015-16 ൽ രണ്ടു ഘട്ടമായിട്ട് 5,56,299/- രൂപ മാസ്റ്റർ സർവ്വീസ് എഗ്രിമെന്റ് പ്രകാരം നല്കിയിട്ടുണ്ട്.

### a) *സോഫ്റ്റ്‌വെയർ സർക്കാരിന്റെ സ്റ്റേറ്റ് ഡേറ്റാ സെന്ററിലേക്ക് മാറ്റിയിട്ടില്ല*

ഫെബ്രുവരി 2015 മുതൽ ഇന്റർനെറ്റിൽ പ്രവർത്തനമാരംഭിച്ച സോഫ്റ്റ്‌വെയർ ഹോസ്റ്റ് ചെയതിരിക്കുന്നത് ആമസോൺ എന്ന സ്വകാര്യ കമ്പനിയുടെ സെർവറിലാണ്. സോഫ്റ്റ്‌വെയറിന്റെ പരീക്ഷണഘട്ടത്തിലാണ് ആമസോൺ സെർവർ ഉപയോഗപ്പെടുത്തിത്തുടങ്ങിയത്. ഉപയോഗം വർദ്ധിക്കുന്നതനുസരിച്ച് സെർവറിന്റെ വാടകയിലും വർദ്ധന വരുന്നു. സോഫ്റ്റ്‌വെയർ നിർമ്മാണം പൂർത്തിയായി നാളിതുവരെയും ആമസോൺ സെർവറിൽ തന്നെയാണ് ഹോസ്റ്റ് ചെയ്തിരിക്കുന്നത്. സർക്കാർ

ഉടമസ്ഥതയിലുള്ള സോഫ്റ്റ്‌വെയർ കേരളാ സ്റ്റേറ്റ് ഐ.റ്റി. മിഷന്റെ കീഴിലുള്ള സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ സൗജന്യമായി ഹോസ്റ്റ് ചെയ്യാവുന്നതാണ്. എന്നാൽ ഇതുവരെ സർക്കാർ സെർവറിലേക്ക് സോഫ്റ്റ്‌വെയർ മാറ്റിയിട്ടില്ല. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 20 ന്) മറുപടിയായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ സർക്കാർ സെർവർ ലഭ്യമാക്കിയിട്ടില്ല എന്നാണ് മറുപടി ലഭിച്ചത്. ഇതിനു കാരണമായി ചൂണ്ടിക്കാട്ടുന്നത് കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ CERT ഓഡിറ്റ് (സോഫ്റ്റ്‌വെയർ സുരക്ഷാ ഓഡിറ്റ്) പൂർത്തിയായിട്ടില്ല എന്നതാണ്. ഇതിനു ശേഷം മാത്രമേ സർക്കാർ സെർവറിലേക്ക് മാറ്റാൻ കഴിയൂ. താല്ക്കാലികമായിട്ട് 6 മാസത്തേക്ക് സി-ഡിറ്റ് സെർവർ വാടകയ്ക്ക് ലഭ്യമാക്കാൻ അപേക്ഷിച്ചിട്ടുണ്ട് എന്നും മറുപടി ലഭിച്ചു.

ലോകമാകമാനം വർഷങ്ങളായി ഉപയോഗത്തിലുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ സങ്കേതമായ 'കോഹ' ഉപയോഗിച്ചാണ് ലൈബ്രറി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നിർമ്മിച്ചിരിക്കുന്നത്. അതിനാൽ തന്നെ ഗുരുതരമായ സുരക്ഷാ വീഴ്ച സോഫ്റ്റ്‌വെയറിൽ ഉണ്ടാകാനുള്ള സാധ്യത തുലോം കുറവാണ്. അങ്ങനെയിരിക്കെ CERT ഓഡിറ്റ് അനന്തമായി നീളുന്നത് ന്യായീകരിക്കാൻ കഴിയില്ല. കേരള ഐ.റ്റി. മിഷൻ, കരാർ കമ്പനി എന്നിവരുടെ സഹകരണത്തോടെ ഓഡിറ്റ് നടപടികൾ പൂർത്തിയാക്കി ഉടൻ തന്നെ സോഫ്റ്റ്‌വെയർ സ്റ്റേറ്റ് ഡേറ്റാ സെന്ററിലേക്ക് മാറ്റേണ്ടതാണ്. ഫെബ്രുവരി 2015 മുതൽ മാർച്ച് 2016 വരെ 47,468.58/- രൂപയാണ് ആമസോൺ സെർവറിന്റെ വാടകയിനത്തിൽ ചെലവ് വന്നിരിക്കുന്നത്. ഉപയോഗം കൂടുംതോറും പ്രതിമാസ നിരക്ക് ഇനിയും വർദ്ധിക്കും. ചെലവ് കുറഞ്ഞതും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ സ്റ്റേറ്റ് ഡാറ്റാ സെന്ററിലേക്ക് വളരെയധികം ഉപയോഗസാധ്യതയുള്ള ഈ സോഫ്റ്റ്‌വെയർ മാറ്റി സോഫ്റ്റ്‌വെയർ കൈകാര്യം ചെയ്യാനുള്ള സ്ഥാപനത്തിന്റെ ചെലവുകൾ കുറക്കേണ്ടതാണ്.

**(b)** ***ടെക്നിക്കൽ കമ്മിറ്റി മിനിറ്റ്സ് അപൂർണ്ണം.***

സോഫ്റ്റ്‌വെയർ നിർമ്മാണത്തിന്റെ മേൽനോട്ടം വഹിക്കാൻ രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ കമ്മിറ്റി കൂടിയതിന്റെ മിനിറ്റ്സ് രേഖപ്പെടുത്തിയിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടു. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി രേഖപ്പെടുത്തലുകളില്ലാത്ത മിനിറ്റ്സ് കരട് ഫയലിൽ സൂക്ഷിച്ചിരിക്കുന്നതായി മറുപടി ലഭിച്ചു. കമ്മിറ്റി കൂടുന്നതിന്റെ വിവരം മിനിറ്റ്സ് ബുക്കിൽ തന്നെ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 24. കണക്കുകൾ പൊരുത്തപ്പെടുത്തുന്നതിന് ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ സേവനം - ആവർത്തിക്കുന്ന പാഴ്ചെലവ്

സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ 2008-09 മുതൽ 2010-11 വരെയുള്ള കണക്കുകൾ അനുരഞ്ജനപ്പെടുത്തുന്നതിനായി 20-7-2012 ലെ കമ്മിറ്റി തീരുമാനം നം. 8 പ്രകാരം ചാർട്ടേർഡ് അക്കൗണ്ടന്റുമാരായ എസ്. സുരേഷ് ബാബു ആന്റ് അസോസിയേറ്റ്സിനെ ചുമതലപ്പെടുത്തുകയും പ്രസ്തുത വർഷങ്ങളിൽ യഥാക്രമം 61319/- രൂപ,

64385/- രൂപ, 68592/- രൂപ (സർവ്വീസ് ചാർജ്ജ് പുറമെ) നൽകി (ചെക്ക് നം. 52285 തീയതി 23.3.16). 2011-12 മുതൽ 2014-15 വരെയുള്ള കണക്കുകൾ ചിട്ടപ്പെടുത്താൻ ശ്യാംമോഹൻ അസോസിയേറ്റ്സിനെ ക്വട്ടേഷനിലൂടെ ചുമതലപ്പെടുത്തുകയും, വാർഷിക നിരക്ക് 30000/- രൂപയായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 20.07.2012 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നം. 8 ന്റെ പകർപ്പ് നൽകിയിട്ടുണ്ട്. ആ തീരുമാനപ്രകാരം 2008-09 ൽ 54574/- രൂപയും,2009-10 ൽ 57302 രൂപയും, 2010-11 ൽ 60168/- രൂപയും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. (2006-07 ൽ 49500 രൂപ ഫീസ് നൽകാനും തുടർന്നുള്ള ഓരോ വർഷത്തേക്കും 5% വീതം വർദ്ധനവ് അനുവദിക്കുവാനും തീരുമാനിച്ചു). 20.7.12 ൽ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നം. 8 ന് വിരുദ്ധമായി 30.6.15 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നം.6 എടുത്തത് വഴി താഴെപ്പറയുന്ന തുക കൂടുതൽ നൽകിയതായി കണക്കാക്കുന്നു.

| വർഷം | നൽകിയത് | നൽകേണ്ടത് (20.7.12 ലെ തീരുമാനം പ്രകാരം) | കൂടുതൽ നൽകിയ തുക |
|---|---|---|---|
| 2008-09 | 61319 രൂപ | 54574 രൂപ | 6745 രൂപ |
| 2009-10 | 64385 രൂപ | 57302 രൂപ | 7083 രൂപ |
| 2010-11 | 68592 രൂപ | 60168 രൂപ | 8424 രൂപ |
| **ആകെ** | | | **22252 രൂപ** |

അധികമായി നൽകിയ 22252 രൂപ തടസ്സപ്പെടുത്തുന്നു.

2011 മുതൽ 2015 വരെയുള്ള കണക്കുകൾ ക്രമപ്പെടുത്താൻ ചാർട്ടേർഡ് അക്കൗണ്ടന്റുകാരിൽ നിന്നും ക്വട്ടേഷൻ വിളിക്കാൻ തീരുമാനിക്കുകയും, ഓരോ വർഷവും 30000/- രൂപ നിരക്കിൽ ക്വാട്ട് ചെയ്ത ശ്യാം മോഹൻ അസോസിയേറ്റ്സ്, കൈരളി പൈപ്പിൻമൂട്, പേരൂർക്കട എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ സ്ഥിരപ്പെടുത്തുകയും ചെയ്തു. ഈ ഇനത്തിൽ കഴിഞ്ഞ കാലങ്ങളിലെ തീരുമാനവും ഇപ്പോൾ നൽകിയ നിരക്കും താരതമ്യപ്പെടുത്തിയാൽ സംസ്ഥാന ലൈബ്രറി കൗൺസിലിന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ട്.

സ്ഥാപനത്തിൽ പ്രത്യേക അക്കൗണ്ട്സ് സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സെക്ഷനിൽ അക്കൗണ്ടന്റ് ഉൾപ്പെടെ അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്ന 8 ഓഫീസർമാരുണ്ട്. എന്നിട്ടും വർഷങ്ങളായി അക്കൗണ്ട്സ് പൊരുത്തപ്പെടാതെ വന്ന സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എന്ക്വയറി നം. 16 നൽകിയിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 20110-11, 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചാർട്ടേഡ് അക്കൗണ്ടന്റ്മാരെ കൊണ്ട് Income and Expenditure Statement യഥാസമയം തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെന്നും, പ്രസ്തുത ഓഡിറ്റ് കാലയളവിൽ 2005-06 വരെയുള്ള ബാലൻസ് ഷീറ്റ് ആണ് പൂർത്തിയാക്കിയിരുന്നതെന്നും ടി എൻക്വയറിക്കുള്ള മറുപടിയിൽ പറയുന്നു.

സംസ്ഥാന ഗ്രന്ഥശാലാ സംഘത്തിന്റെ ചട്ടങ്ങളിൽ അക്കൗണ്ടന്റിന്റെ ചുമതല വ്യക്തമായി നിർവചിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഓരോ പണമിടപാടിനും അക്കൗണ്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനത്തിന് എല്ലാ കാലത്തും മുഴുവൻ സമയ അക്കൗണ്ടന്റും, സഹായത്തിന് നിരവധി ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു. എന്നിട്ടും വർഷങ്ങളായി അക്കൗണ്ട്സ് പൊരുത്തപ്പെടുത്താതെ വന്നത് നീതീകരിക്കാനാകില്ല. നിലവിലുള്ള രീതിയിൽ ചാർട്ടേഡ് അക്കൗണ്ടന്റ്മാരെ നിയോഗിച്ച് അക്കൗണ്ട്സ് പൊരുത്തപ്പെടുത്തി കാലികമാക്കിയ ശേഷം, തുടർ വർഷങ്ങളിൽ അക്കൗണ്ട്സ് സെക്ഷൻ തന്നെ പ്രസ്തുത ചുമതല നിർവ്വഹിക്കേണ്ടതാണ്. ഈ രീതിയിൽ ആവർത്തിക്കുന്ന പാഴ്ചെലവ് അവസാനിപ്പിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റിയും, ഫിനാൻസ് ഓഫീസറും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 25. പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.

റ്റി.എസ്.ബി 254 ഒഴികെയുള്ള അക്കൗണ്ടുകളിലെ ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല. മുൻ റിപ്പോർട്ടിലും ഈ വിഷയം പരാമർശിച്ചിട്ടുണ്ടായിരുന്നെങ്കിലും സ്ഥാപനം നാളിതുവരെയും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പൊരുത്തപ്പെടുത്തൽ പ്രക്രിയ അടിയന്തിരമായി പൂർത്തീകരിക്കാൻ വേണ്ടുന്ന നടപടി സ്വീകരിക്കേണ്ടതാണ്.

റിക്കൺസിലിയേഷൻ (റ്റി.എസ്.ബി 254)

| | | |
|---|---|---|
| | പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | : 36230200 |
| (-) | പണമാകാത്ത ചെക്കുകൾ | : 25894200 |
| (-) | പെൻഷൻ അക്കൗണ്ടിലേക്ക് മാറ്റിയത് | : 10335500 |
| | ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | : 500 |

## 26. സാമ്പത്തിക നില

| | | |
|---|---|---|
| മുന്നിരിപ്പ് | : | 1,14,64,013.97 |
| വരവ് | : | 48,18,96,188.00 |
| ആകെ | : | 49,33,60,201.97 |
| ചെലവ് | : | 47,91,64,684.00 |
| നീക്കിയിരിപ്പ് | : | 1,41,95,517.97 |

**നീക്കിയിരിപ്പിന്റെ വിശദാംശം**

| ക്രമ നം. | അക്കൗണ്ട് നം. | ക്യാഷ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് | പാസ്സ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| 1 | എസ്.ബി.റ്റി കറന്റ് (57036987140) | 2163437.99 | 3649176.28 |

| | | | |
|---|---|---|---|
| 2 | എസ്.ബി.റ്റി സേവിംഗ്സ് (57037147224) | 6678269.34 | 34770949.96 |
| 3 | റ്റി.പി.എ 140 | 5353309.04 | A/c Closed on 28.12.2013 |
| 4 | റ്റി.എസ്.ബി 254 | 500 | 36230200 |
| 5 | കൈയ്യിരിപ്പ് പണം | 1.60 | - |
| | | **14195517.97** | **74650326.24** |

## 27. പ്രത്യേക അക്കൗണ്ടുകളുടെ സാമ്പത്തിക നില

**1. റ്റി.എസ്.ബി 98 (പെൻഷൻ ഫണ്ട്)**

| | | |
|---|---|---|
| മുന്നിരിപ്പ് | : | 0 |
| വരവ് | : | 37473487 |
| ആകെ | : | 37473487 |
| ചെലവ് | : | 7993475 |
| നീക്കിയിരിപ്പ് | : | 29480012 |

**2. റ്റി.പി.എ 1576 (പ്രോവിഡന്റ്ഫണ്ട്)**

| | | |
|---|---|---|
| മുന്നിരിപ്പ് | : | 1,45,69,978.00 |
| വരവ് | : | 52,51,915.00 |
| ആകെ | : | 1,98,21,893.00 |
| ചെലവ് | : | 45,56,286.00 |
| നീക്കിയിരിപ്പ് | : | 1,52,65,607.00 |

**3. റ്റി.എസ്.ബി 262 (കോർപ്പസ് ഫണ്ട്)**

| | | |
|---|---|---|
| മുന്നിരിപ്പ് | : | 500.00 |
| വരവ് | : | 5824500.00 |
| ആകെ | : | 3920000.00 |
| ചെലവ് | : | 19045.00 |
| നീക്കിയിരിപ്പ് | : | 500.00 |

## 28. ഓഡിറ്റ് ചാർജ്ജ്

ആകെ വരവ് : 48,18,96,188

കുറയ്ക്കുക

| | | |
|---|---|---|
| പി.എഫ്- ഡി.എൽ.സി, എൽ.എൽ.എ | : | 52,74,048 |
| ശമ്പളം - കെ.എസ്.എൽ.സി | : | 4635 |
| പ്രൊഫഷൻ ടാക്സ് | : | 60500 |
| റിക്കവറീസ് അക്കൗണ്ട്സ് ഓഫീസർ | : | 168719 |
| റിക്കവറീസ് - കോ-ഓപ്പറേറ്റീവ് ബാങ്ക് | : | 264164 |
| ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് | : | 22200 |
| എൽ.ഐ.സി | : | 526902 |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | : | 15050 |
| ഇൻകംടാക്സ് | : | 264991 |
| എസ്.എൽ.ഐ | : | 149100 |
| മ്യാരീജ് അഡ്വാൻസ് | : | 5004 |
| ഗ്രാന്റ് തിരിച്ചടവ് | : | 3153382 |
| റ്റി.ഡി.എസ് | : | 140340 |
| റ്റി.എസ്.ബി - 98 | : | 7993475 |
| റ്റി.പി.എ - 1576 | : | 4307861 |
| അഡ്വാൻസ് അക്കൗണ്ട് | : | 3586782 |
| സ്പെഷ്യൽ റ്റി.എസ്.ബി 262 | : | 1904000 |
| നിരത ദ്രവ്യം | : | 15500 |
| ഫെസ്റ്റിവൽ അഡ്വാൻസ് | : | 590000 |
| സർക്കാർ ഗ്രാന്റ് | : | 172634250 |
| എസ്.സി/എസ്.റ്റി ഗ്രാന്റ് | : | 1450000 |
| ഫിക്സഡ് ഡെപ്പോസിറ്റ് | : | 50000000 |
| | : | 202530903 |
| ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ് | | 229365285 |
| ഓഡിറ്റ് ചാർജ്ജ് 1% നിരക്കിൽ | : | 2293653 |
| മുൻവർഷാവസാനം ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ്ജ് | : | 0 |
| **ആകെ** | : | **2293653** |
| ഒടുക്കിയ തുക | : | - |
| 31.03.2016-ൽ ഒടുക്കുവാൻ ബാക്കിയുള്ള തുക | : | 2293653 |

മുൻവർഷങ്ങളിലെ ഓഡിറ്റ് ചാർജ്ജ് അടച്ചതിന്റെ വിവരം

വൗച്ചർ നം. 90/23-03-2016
ചെക്ക് നം. 522855

| | |
|---|---|
| 2013-14 | : 1369235.00 |
| 2014-15 | : 1834443.00 |
| **ആകെ തുക** | **: 3203678.00** |

## 29. ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 481896188.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 479164684.00 |

## 30. ഓഡിറ്റിൽ നിരകരിച്ച തുകയുടെ വിവരം

| | |
|---|---|
| ഖണ്ഡിക - 5 | : 10958/- |
| ഖണ്ഡിക - 17 | : 700/- |
| ആകെ | : 11658/- |

## 31. തടസ്സപ്പെടുത്തിയ തുകയുടെ വിവരം

| | | |
|---|---|---|
| ഖണ്ഡിക 14 | : | 259000 |
| ഖണ്ഡിക 15 | : | 7966500 |
| ഖണ്ഡിക 16 | : | 1304 |
| ഖണ്ഡിക 18 | : | 125000 |
| ഖണ്ഡിക 19(b) | : | 90000 |
| ഖണ്ഡിക 22 | : | 63137 |
| ഖണ്ഡിക 24 | : | 22252 |
| **ആകെ** | **:** | **8527193** |

**ജോയിന്റ് ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

*ബിഎൽ. 22.4.2017*

## അനുബന്ധം – II
## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ പരിശോധിച്ചു ഓഡിറ്റ് നടത്തിയതിന്റെയും ലഭ്യമായ രേഖകളുടെയും എനിക്ക് കിട്ടിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ സ്ഥാപനത്തിന് മേൽ നിശ്ചയിച്ചിരിക്കുന്ന 17,26,34,250/-രൂപയുടെ സർക്കാർ ഗ്രാന്റിന് ഓഡിറ്റ് പരാമർശത്തിന് വിധേയമായി അർഹതയുണ്ടെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

| ക്രമ നം. | ഉത്തരവ് നം./ തീയതി | തുക | നിക്ഷേപിച്ച തീയതി |
|---|---|---|---|
| | **പദ്ധതിയേതരം** | | |
| 1 | ജി.ഒ.(സാധാ) നം.1942/2015/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി :8.7.2015 | 10335500 | 07.08.2015 |
| 2 | ജി.ഒ.(സാധാ) നം.1942/2015/ ഉ.വി.വ, തീയതി :28.7.2015 | 39430750 | 07.08.2015 |
| 3 | ജി.ഒ.(സാധാ) നം.4067/15/ ഉ.വി.വ, തീയതി :9.12.2015 | 10335500 | 22.05.2015 |
| 4 | ജി.ഒ.(സാധാ) നം.4067/15/ ഉ.വി.വ, തീയതി :9.12.2015 | 39430750 | 22.12.2015 |
| 5 | ജി.ഒ.(സാധാ) നം.787/16/ ഉ.വി.വ, തീയതി :18.03.2016 | 10335500 | 22.03.2016 |
| 6 | ജി.ഒ.(സാധാ) നം.787/16/ ഉ.വി.വ, തീയതി :18.03.2016 | 39430750 | 22.03.2016 |
| 7 | ജി.ഒ.(സാധാ) നം.963/16/ ഉ.വി.വ, തീയതി :31.03.2016 | 10335500 | 31.03.2016 |
| | **ആകെ** | **159634250** | |
| | **പദ്ധതി** | | |
| 1 | ജി.ഒ.(ആർ.റ്റി) നം.2504/15 ഉ.വി.വ, തീയതി :23.09.2015 | 5000000 | 29.09.2015 |
| 2 | ജി.ഒ.(ആർ.റ്റി) നം.2586/15 ഉ.വി.വ, തീയതി :01.10.2015 | 8000000 | 19.10.2015 |
| | **ആകെ** | **13000000** | |

**ജോയിന്റ് ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്